"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്- 2016-17 ബി.ഐ.ഡി.എഫ് - എച്ച്.ഡി.എഫ് ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കി സ്റ്റേജ് സർട്ടിഫിക്കറ്റ് സമർപ്പിച്ച ആലപ്പുഴ ജില്ലയിലെ 10 ഗുണഭോക്താക്കൾക്ക് 25,000/- രൂപ വീതം ആകെ 2,50,000/- രൂപ നടപ്പ് വർഷത്തെ '4405-00-103-93 (P)' ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.152/2026/F&P തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:- 1. സ.ഉ.(സാധാ)നം.527/2016/മതുവ തീയതി, 18/08/2016

2. ഫിഷറീസ് ഡയറക്ടറുടെ 30/03/2024, 17/08/2024, 18/10/2024, 28/10/2024, 19/11/2025, 20/11/2025, 23/12/2025 എന്നീ തീയതികളിലെ DFTVM/1358/2022-N1 നമ്പർ കത്തുകൾ

**ഉത്തരവ്**

ആലപ്പുഴ ജില്ലയിൽ 700 വീടുകളുടെ പുനരുദ്ധാരണത്തിനായി 3.50 കോടി രൂപ 2405-00-103-80(P) ശീർഷകത്തിൽ നിന്നും പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കപ്പെടാതിരുന്നതിനാൽ ചില ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കാൻ സാധിച്ചിരുന്നില്ല. ഇപ്രകാരമുള്ള 10 ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പരാമർശം (2) പ്രകാരം ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിരുന്നു. ഗുണഭോക്താക്കൾ രണ്ടാം ഗഡു തുക ലഭ്യമാക്കുന്നതിനായി നിരന്തരം അപേക്ഷകൾ സമർപ്പിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും, ഗുണഭോക്താക്കൾ വീട് അറ്റകുറ്റപ്പണി സ്വന്തം ചെലവിൽ പൂർത്തീകരിച്ചതിനാലും രണ്ടാം ഗഡു തുക അനുവദിക്കുന്ന വിഷയം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. 2016-17 ൽ 2405-00-103-80 (P) ശീർഷകത്തിൽ നിന്നാണ് പ്രസ്തുത പദ്ധതിക്കായി തുക അനുവദിച്ചിരുന്നത്. എന്നാൽ നിലവിൽ ബി.ഐ.ഡി.എഫ്-എച്ച്.ഡി.എഫ് പദ്ധതിയിലുള്ള പ്രവൃത്തികൾക്ക് 4405-00-103-93 (P) ശീർഷകത്തിൽ നിന്നാണ് തുക അനുവദിക്കുന്നത്. പ്രസ്തുത ശീർഷകത്തിൽ തുക ലഭ്യമായ സാഹചര്യത്തിൽ 4405-00-103-93 (P) ശീർഷകത്തിൽ ഭരണാനുമതി പുതുക്കി 2,50,000/- രൂപ അനുവദിക്കണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2016-17 ബി.ഐ.ഡി.എഫ് - എച്ച്.ഡി.എഫ് ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കി സ്റ്റേജ് സർട്ടിഫിക്കറ്റ് സമർപ്പിച്ച ആലപ്പുഴ ജില്ലയിലെ 10 ഗുണഭോക്താക്കൾക്ക് 25,000/- രൂപ

വീതം ആകെ 2,50,000/- രൂപ നടപ്പ് വർഷത്തെ '4405-00-103-93 (P)' ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ (ഡബ്ല്യു & സി.ഡി) വകുപ്പ് (2998303/WCD-2/253/2024-FIN തീയതി 18/02/2026 പ്രകാരം)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (സി2/130/2024/മതുവ ഫയൽ പ്രകാരം)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sabitha Shiju
Date: 23-02-2026 16:08:09